വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കർമ്മപരിപാടികൾ

184 (4519) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി നിയമ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പുതിയ വിജിലൻസ് കോടതികളും ഹൈക്കോടതിയിൽ സ്പെഷ്യൽ ബഞ്ചും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 20-9-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 30/14/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2 അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തിക പുതിയതായി സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ രണ്ട് വിജിലൻസ് കോടതികൾ മുവാറ്റുപുഴയിലും (എറണാകുളം ജില്ല) തലശ്ശേരിയിലും (കണ്ണൂർ ജില്ല) കൂടുതലായി അനുവദിക്കാൻ തത്വത്തിൽ സർക്കാർ തീരുമാനമായിട്ടുണ്ട്. കൂടാതെ നിലവിലുള്ള രണ്ട് ഗവൺമെന്റ് പ്ലീഡർമാരെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുമായി ബന്ധപ്പെട്ട ഹൈക്കോടതി അപ്പീൽ ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് മാത്രമായി നിയോഗിക്കുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലെ അഴിമതി നിരോധന നിയമത്തിൽ തന്നെ അഴിമതി കേസുകളുടെ വിചാരണ പ്രതിദിനം നടത്തണമെന്നും പ്രതിയുടേയോ പ്രതിക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകന്റെ അഭാവത്തിലോ വിചാരണ വിഘ്നം കൂടാതെ നടത്തണമെന്നും അനുശാസിക്കുന്നുണ്ട്. അതിനും പുറമേ വിചാരണ കോടതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെ സംബന്ധിച്ചു റിവിഷൻ ഹർജി നിലവിലുള്ള സാഹചര്യം ഉണ്ടായാൽപ്പോലും കേസിന്റെ വിചാരണ മാറ്റിവയ്ക്കാൻ പാടില്ലെന്നും പ്രസ്തുത നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു നിയമ ഭേദഗതിയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി&ഡി) സംസ്ഥാനത്ത് 2 പുതിയ വിജിലൻസ് കോടതികൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അഴിമതി നിരോധന നിയമപ്രകാരമുള്ള കേസുകളിന്മേലുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി ഹൈക്കോടതി പ്രത്യേക ബെഞ്ച് 27-1-2014 മുതൽ പ്രാബല്യത്തിൽ രൂപീകരിച്ചിട്ടുണ്ട്.

ജയിൽ ചട്ടങ്ങളുടെ പരിഷ്കരണം

185 (4520) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ചട്ടങ്ങളിൽ വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ചട്ടങ്ങൾക്ക് എന്ന് മുതലാണ് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) 6-5-2014-ലെ സ.ഉ.(പി) നമ്പർ 89/2014/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവുപ്രകാരം കേരളാ ജയിൽ ചട്ടങ്ങൾ പരിഷ്കരിക്കുകയുണ്ടായി (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ഡി) 6-5-2014 മുതൽ പ്രാബല്യത്തിൽ വന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly